കഥാഭിനയഗാനമാല.

(മൂന്നാംഭാഗം)

(നാലാം ക്ലാസിലേക്ക്)

ഗ്രന്ഥകർത്താവ്,

പാലാ എസ്സ്. നാരായണൻനായർ

പ്രകാശകന്മാർ,

നാഷനൽബുക്കഡിപ്പോ, കോട്ടയം.

1117

M. P. HOUSE, KOTTAYAM. വില ച. 4

(കവർ 3-ാംപേജിൽനിന്നും തുടർച്ച)

൧൦ മാനസാന്തരം

(രണ്ടുപേർ അസഭ്യവാക്കുകൾ പറഞ്ഞു് അന്യോന്യം ബലപരീക്ഷ നടത്തുന്നു. ഒരു സന്യാസി പ്രവേശിക്കുന്നു.)

സന്യാസി:—നിങ്ങളിരുവരുമീവിധത്തിൽ
തങ്ങളിൽത്തല്ലുവാനെന്തുബന്ധം?

(രണ്ടുപേരും പിടിവിട്ടു മാറുന്നു. സന്യാസിയെ പകച്ചു നോക്കുന്നു.)

ഒന്നാമൻ.—'പട്ടി,'യെന്നെന്നെ വിളിച്ചുകൊണ്ടു്
മുഷ്ടിയുമോങ്ങിയടുത്തു ദുഷ്ടൻ

രണ്ടാമൻ:—'വിഡ്ഢി'യെന്നെന്നെ വിളിച്ചുകൊണ്ടു്
വിട്ടിടാതെന്നെപ്പിടിച്ചു ദുഷ്ടൻ

സന്യാസി:—ആരംഭമിട്ടവനാണു കുററ—
ക്കാരനതാരെന്നറിഞ്ഞിടേണം?

രണ്ടുപേരും (ഒന്നിച്ചു്)
ഞാനല്ല, ഞാനല്ല, നിശ്ചയമീ—
ഞായക്കേടാദ്യം തുടൻ്റതെന്നും

സന്യാസി:—കാരണമില്ലെന്നതന്നെയല്ല
കാരണക്കാരുമില്ലേവമായോ?
രണ്ടാളുംകുററക്കാരല്ലാപക്ഷേ
രണ്ടാളും കുററക്കാരാണന്ത്യനം

രണ്ടുപേരും (പരസ്പരം ചൂണ്ടിക്കാണിച്ചുകൊണ്ടു്)
പാപംഞാനേതുമറിഞ്ഞതില്ല;
പാപംതുടൻ്റവനിക്കഠോരൻ

സന്യാസി:—എല്ലാക്കലഹവുമീവിധത്തി—
ലല്ലാതുലകിലുദിപ്പതുണ്ടോ?
വല്ലായ്മതേടേണ്ട, കൂട്ടുകാരായ്
സോല്ലാസം തമ്മിൽ കരംഗ്രഹിപ്പിൻ!

രണ്ടുപേരും സ്നേഹത്തോടെ കൈകോർത്തുപിടിക്കുന്നു.)

കഥാഭിനയഗാനമാല.

(മൂന്നാം ഭാഗം)

൧. വിളംബരം

(പ്രഭാതം. നായർ ബാലൻ പുലമാടത്തിനടുത്തേയ്ക്കു ചെല്ലുന്നു. ഒരു പുലക്കുട്ടി മുററത്തു നില്ക്കുന്നു)

നായർ:- ഉത്സവമാണിന്നു കുഞ്ഞേ!—നമു
ക്കുത്സാഹമോടങ്ങു പോകാം

പുലയൻ:- തമ്പ്രാനേ, തീണ്ടുകയില്ലേ—മററു
തമ്പ്രാക്കൾ തല്ലുകയില്ലേ?

നായർ:- "തമ്പ്രാനും തീണ്ടലും" പോയീ—നമ്മ
ളെമ്പാടുമിന്നൊപ്പമായീ

പുലയൻ:- ഏന്നറിഞ്ഞില്ലൊന്നുമയ്യോ—തമ്പ്രാ
നോതുവതെന്തൊരു പൊയ്യോ?...

നായർ:- അമ്പലമാകെത്തുറന്നു—ജാതി
വമ്പുകളെല്ലാം തകർന്നു.

പുലയൻ:- ദൈവം തുറന്നിട്ടതാണോ—തമ്പ്രാ!
പാവങ്ങളെങ്ങളു കാണോ?...

നായർ:- കാണാകും ദൈവമായ് വന്നു—വീണ്ടും
വേണാട്ടിൽ ശ്രീപത്മനാഭൻ!
പാവങ്ങൾക്കാശ്രയമായി—പുണ്യ
പാവനധർമ്മവുമായി

പുലയൻ:- ചിത്തിരത്തമ്പുരാനാണോ—നാട്ടിൽ
ച്ചേത്രം തുറന്നിട്ട ദൈവം?

നായർ:- ക്ഷേത്രപ്രവേശനം നൽകാൻ—ദൈവം
ചിത്രജനായിപ്പിറന്നു
സ്തോത്രങ്ങൾ പാടിപ്പുകഴ്ത്താം—വഞ്ചി
ക്ഷാത്രപ്രഭാവത്തെ വാഴ്ത്താം!

(രണ്ടുപേരും കൈകോർത്തു പാടിക്കൊണ്ടു
അമ്പലത്തിലേയ്ക്കു പോകുന്നു)

രണ്ടുപേരും:-പാട്ടിലാക്കിസ്തുതിക്കട്ടെ പാവങ്ങളാം-
ഞങ്ങളെന്നും
നാട്ടിലോണം വരുത്തിയോരന്നദാതാവേ!
മന്നിടത്തിലുള്ള മററുമന്നവർക്കുമാതൃകയാം
മന്നവനേ! മഹാത്മാവേ! തൊഴുന്നുഞങ്ങൾ!!
ചക്രവാളസീമവിട്ടും വിക്രമം പുലർത്തും ധർമ്മ-
ചക്രവർത്തി ചിത്രരാജൻ ജയിച്ചീടട്ടെ.
പാട്ടിലാക്കിസ്തുതിക്കട്ടെപാവങ്ങളാം-
ഞങ്ങളെന്നും
നാട്ടിലോണംവരുത്തിയോരന്നദാതാവേ!

---

൨. രോഗിയായ സിംഹം

(രോഗിയും വൃദ്ധനുമായ സിംഹം ഗുഹയിൽ,
വെളിയിലേയ്ക്കുനോക്കിക്കിടക്കുന്നു.
ഒരു ആടു പ്രവേശിക്കുന്നു)

സിംഹം:- വന്നീടുകെന്നാടുത്തേയ്ക്കു, നമുക്കിവി-
ടൊന്നിച്ചിരുന്നു വിനോദം പറഞ്ഞിടാം!

ആട്:- (അഭിമാനത്തോടെ തലയിളക്കിക്കൊണ്ടു്)
നിസ്സാരനാണുഞാ, നങ്ങോമൃഗേന്ദ്രനാ–
ണിസ്സാഹചര്യമെൻ ഭാഗ്യഫലോദയം

(ആടു് അകത്തേയ്ക്കു കേറുന്നു. സിംഹം പിടിച്ചു തിന്നുന്നു, അല്പം കഴിഞ്ഞു് ഒരു മുയൽ ആവഴി വരുന്നു)

സിംഹം:- ആഹാ, സഹോദരാ! നിന്നെഞാൻകാത്തിട്ട–
ന്നാഹാരനിദ്രകൾ പോലും വെടിഞ്ഞിതാ

മുയൽ:- (അഹങ്കരിച്ചു വാൽ ഉയർത്തിക്കൊണ്ടു്)
ഭാഗ്യമേഭാഗ്യ, മിന്നങ്ങതൻ സൽക്കാര–
വാക്കുകൾകേട്ടു മനം കുളുക്കുന്നഹാ!

(മുയൽ ഉള്ളിലേക്കു കടക്കുന്നു; സിംഹം പിടിച്ചു തിന്നുന്നു. ഒരു കുറുക്കൻ ഗുഹാമുഖത്തിലേയ്ക്കു വരുന്നു)

സിംഹം:- മിത്രമേ, നിന്നെ ഞാൻ കാത്തുകാത്തീവിധ–
മെത്രയോനാളായിരിക്കുന്നു കാൺക, നീ
മററവരൊക്കെയുമെത്തിടാറുണ്ടു, നീ
യുററവനെങ്കിലും വന്നില്ലിതേവരെ.

കുറുക്കൻ:- (കള്ളനോട്ടത്തോടെ)
വന്നാവരാരുമേ പോയില്ല, നിന്നുടെ
കന്ദരമെങ്ങാൻ വിഴുങ്ങിക്കളഞ്ഞിതോ?
കാൽപ്പാടകത്തേയ്ക്കു കാണാം, പുറത്തേയ്ക്കു–
കാൽപ്പാടപോലുമില്ലെന്തൊരാശ്ചര്യമോ?....
വന്ദനം, സംഹാരമൂർത്തേ, പുറത്തുഞാൻ
നിന്നിടാം; വന്നവഴിയ്ക്കിനിപ്പോയിടാം!!

(കുറുക്കൻ ചിരിച്ചുകൊണ്ടു പോകുന്നു. സിംഹം കണ്ണുചിമ്മി വിഷണ്ണനായി കിടക്കുന്നു)

---

൩. അനാഥബാലിക.

(അനാഥയായപെൺകുട്ടി കൈയിൽഒരുഅപ്പക്കഷണവു
മായി പുറത്തേയ്ക്കിറങ്ങുന്നു. മെലിഞ്ഞു വളഞ്ഞ
ഒരു വൃദ്ധൻ എതിരേ വരുന്നു)

വൃദ്ധൻ:- അത്രമേൽവിശക്കുന്നു നീയെനി-
യ്ക്കപ്പമേകുകിന്നോമനേ!

ബാലിക:- താതഞാനിതു നൽകിടാമതി-
നേതുമില്ല, വിളംബനം

(കുട്ടി അപ്പം കൊടുക്കുന്നു. വൃദ്ധൻ ഭക്ഷിച്ചു തൃപ്തിയട
യുന്നു. അവൾ പിന്നെയും നടക്കുന്നു. റോഡിൽ
ഒരു കുഞ്ഞു വിറച്ചിരിക്കുന്നു)

കുഞ്ഞ്:- തുണിയില്ലാരും; മെയ്യിലെനിക്കൊരു
തുണയില്ലിന്നു തണുപ്പുതടുക്കാൻ
ഗുണവതി, നീയിന്നേകുക നിന്നുടെ
യണിവസ്ത്രങ്ങളിലൊന്നുമനോജ്ഞേ!

ബാലിക:- കുഞ്ഞേ! നീ വഴിവക്കിലിരുന്നീ-
മഞ്ഞേൽക്കുന്നതു നന്നല്ലൊട്ടും
ഇന്നീക്കഞ്ചുകമൊന്നുള്ളതു ഞാൻ
തന്നീടാം; നീ പോകുക വേഗം!

(ജാക്കറ്റ് ഊരിക്കൊടുക്കുന്നു. അവൾ പിന്നെയും
നടന്ന് സന്ധ്യയോടുകൂടി ഒരു വനത്തിൽ ചെല്ലുന്നു.
അവിടെ ഒരു കുഞ്ഞു നഗ്നമായിരിക്കുന്നു.)

കുഞ്ഞ്:- വസ്ത്രമൊന്നു നീ നൽകുകസോദരീ!
നിസ്ത്രപം; മരവിച്ചുഞാൻ വാഴുന്നു.

ബാലിക:- (ആത്മഗതം)
കേവലമുടുവസ്ത്രമൊന്നുള്ളതു
പാവമിക്കുഞ്ഞിനേകണോ, വേണ്ടയോ?
രാത്രിയാകയാൽ നഗ്നമായ് നില്ക്കുവാൻ
സാദ്ധ്യമാണിതരണ്യവുമാണല്ലോ!

(പ്രകാശം)
ഓമനേ, നിനക്കേകിടാം വസ്ത്രമി-
ന്നാമയം നീങ്ങിനിൽക്കുകനീയിനി!

(ഉടുവസ്ത്രം അഴിച്ചുകൊടുക്കുന്നു. നക്ഷത്രസങ്കുലമായ ആകാശത്തിൽ നോക്കി അവൾ പ്രാർത്ഥിക്കുന്നു. പെട്ടെന്നനെ മുകളിൽനിന്നു പട്ടുകളുംസ്വർണ്ണനാണയങ്ങളും എല്ലാം അവളുടെ മുമ്പിൽ പൊഴിയുന്നു.)

ബാലിക:- നിഖിലലോകനിയാമക! ദൈവമേ!
നിരഘനിസ്തുലരൂപമേ കൈതൊഴാം.
ചരണപങ്കജം കൃപ്പുമീദാസിയിൽ
കരുണതോന്നണേ, കാരുണ്യവാരിധേ!
നിഖിലലോകനിയാമക, ദൈവമേ,
നിരഘനിസ്തുലരൂപമേ, കൈതൊഴാം!

---

൪. ബാലനും ദേവതയും

(വൃത്തികെട്ട ബാലൻ പുസ്തകങ്ങൾ വിതറിയിട്ടും മഷിതൂകിയും മേലാകെ ചെളിപുരണ്ടും ഇരിക്കുന്നു. ഒരു ദേവത പ്രത്യക്ഷപ്പെടുന്നു)

ദേവത:- മോശമിക്കാണ്മതു, നിന്മെയ്യിലെന്തിനു
പൂശിനീ ചേറും മഷിയുമെല്ലാം

ഭീതയായ് പ്പോയിഞാനേതോഭയങ്കര-
ഭൂതമെന്നോക്കയാൽ, നിന്നെയിപ്പോം
നിന്നെയുംകാത്തതാ നില്ക്കുന്ന സോദരൻ
ചെന്നാലും തോട്ടത്തിലേയ്ക്കുകുഞ്ഞേ!

ബാലൻ:- ഇല്ലെനിയ്ക്കാരുമേസോദരരായിട്ട
വല്ലതുമെന്തേ പറഞ്ഞിടുന്നു?

ദേവത:- സത്യം, നിനക്കുണ്ട സോദരൻ, തീർച്ചയാ
യെത്തുമവൻ നിന്നടുക്കലിപ്പോം
നീയറിഞ്ഞില്ലെന്നിരുന്നാലും നിന്നെയും-
നീളെത്തിരഞ്ഞവൻ വന്നുകൊള്ളും!

(ബാലൻ പൂന്തോട്ടത്തിലേയ്ക്കോടി സഹോദരനെ അന്വേഷിക്കുന്നു. തത്സമയം ഒരു അണ്ണാക്കണ്ണൻ വാലിളക്കിയടുത്തുവരുന്നു.

ബാലൻ:- അണ്ണാനേ,നീയാണോ, ദേവതചൊന്നൊരെ-
ന്നണ്ണനെന്നോതണേ, വേഗമിപ്പോം?

അണ്ണാൻ:- (വിസ്മയിച്ച സൂക്ഷിച്ചു നോക്കിക്കൊണ്ട്)

ദുഷ്ട! നീയെന്തുരച്ചു, ഞാൻ തവ-
ജ്യേഷ്ഠനാണെന്നുതന്നെയോ
ശുദ്ധിയിലുടലാണ്ട ഞാനെങ്ങു
വൃത്തികെട്ടവനെങ്ങു നീ?...
ഏറുമീശുദ്ധവൃത്തി കിട്ടാൻ നീ-
യേഴജന്മം ജനിക്കണം
മൂഢനീ, കളിയാക്കുവാൻ വന്നു-
കൂടിയോ? മാറിപ്പോക നീ!

(അണ്ണാൻ "ചെലുചെലെ" ചെലച്ച് വാലുയുത്തി
ചാടിപ്പോകുന്നു. ഒരു അഴകുള്ള പക്ഷി
അവിടെ പറന്നു വന്നിരിക്കുന്നു.)

ബാലൻ:- മേളരനാകും വിഹംഗമേ, നീയെൻെറ
സോദരനെന്നു ഞാനെണ്ണിടട്ടെ?...

പക്ഷി:- എന്തുരച്ചുനീ, ധിക്കാരമീദൃശം
ഹന്ത, ഞാൻ നിൻെറ സോദരനാണെന്നോ?
അത്ഭുതം മമത്തുവലിൻതാഴെയാ-
ണല്പനാം നിൻെറയാകൃതി സൗഭഗം
വൃത്തിഹീനനാം നീ, കടന്നെന്തിനീ-
പൃഥ്വിയെപ്പുരം ധൂസരമാക്കുന്നു?
വേണ്ട, വേണ്ടഹോ ബന്ധുതനിൻതനു-
തീണ്ടിടാതെ ഞാൻപോയിടാമപ്പുറം.

(പക്ഷി തൂവൽ മിനുക്കി ചാടിപ്പറന്നു മറയുന്നു.
ഒരു പൂച്ച ആ വഴി വരുന്നു)

ബാലൻ:- സാദരം മാർജ്ജാരസത്തമാ! നീയെൻെറ
സോദരനെന്നു ഞാൻ നണ്ണിടട്ടെ!

പൂച്ച:- കണ്ണാടിനോക്കി നീ, നിൻെറ രൂപം
നിർണ്ണയിച്ചീടണമാദ്യമായി
മണ്ണും ചെളിയും പുരണ്ടുകഷ്ടം
മണ്ണിരയ്ക്കൊപ്പം വിലക്ഷണംനീ!
സൂര്യാതപത്തിൽ കുളിച്ചിട്ടും ഞാൻ
കാര്യാന്തരങ്ങൾ വിലക്കിയാലും
ദർശിപ്പതെങ്ങനെനിന്നെ? നീര-
സ്പർശമേററിട്ടെത്രകാലമായി!...

പോയാലുംവന്ന വഴിയ്ക്കുതന്നെ
നീയുമായ് മൈത്രിയെനിയ്ക്കുവേണ്ട.

(പൂച്ച, വാലു വീശി ഗൗരവത്തിൽ നടന്നകലുന്നു. തുടൎന്ന് ഒരു പന്നി മുറുമുറുത്തുകൊണ്ടുവരുന്നു. ബാലൻ വൃത്തികെട്ട അതിനെ കാണാതെ മാറാൻ ഭാവിക്കുന്നു. പന്നി കൂട്ടാക്കാതെ അടുത്തു വരുന്നു.)

പന്നി:- വന്ദനംസോദരാ! നിന്നെ—നോക്കി
വന്നതാണിങ്ങോട്ടുതന്നെ.
മോശമാണെങ്കിലും ചേൎക്കാം—നിന്റെ
യാശപോലൊന്നിച്ചുപാൎക്കാം.
അച്ചെളിക്കുണ്ടിൽനുഴയാം—നീളെ
യെച്ചിലുതിന്നുകഴിയാം.
താമസമെന്തിന്നനുജാ!—വന്നു
താമസിച്ചാലുമെൻ വീട്ടിൽ.

ബാലൻ:- നീയെന്റെ സോദരനല്ല, ഞാനച്ചെളി-
ത്തോയത്തിലേയ്ക്കു വരുന്നുമില്ല.

പന്നി:- നിൻകയ്യും കാലും മുഷിഞ്ഞു-മേനി
പങ്കിലമായിക്കഴിഞ്ഞു.
തൎക്കമിന്നെന്തിനു? നീയു-മെന്റെ
വൎഗ്ഗത്തിൽപെട്ടവൻതന്നെ.

(ബാലൻ ഗത്യന്തരമില്ലാതെ നിന്നു കരയുന്നു. ദേവത അവിടെ പ്രത്യക്ഷപ്പെടുന്നു)

ദേവത:- (ചിരിച്ചുകൊണ്ടു്)
എല്ലാം വെടിപ്പായ്ക്കഴിഞ്ഞല്ലോ, ബാലകാ
സോല്ലാസമെത്തി നിൻസോദരന്മം.

പോകുക, പോക്കിനോടൊത്തുനീ,യല്ലെങ്കിൽ
പോരികെൻകൂടെ നീ വൃത്തിയായി.

ബാലൻ:- (ഗൽഗദത്തോടെ)

അയ്യോ, വെടിയൊല്ലേ,ദേവതേ!നീയെന്നെ-
ക്കയ്യൊഴിച്ചീടിൽ ഞാനെന്തുചെയ്യും?......
വൃത്തിയുംശുദ്ധിയുംകൊണ്ടുഞാൻ,ദേവിയോ-
ടൊത്തിനിമേലിൽ വസിച്ചുകൊള്ളാം!

(ബാലൻ ദേവതയുടെ ഉടുപ്പുടവയിൽ പിടിച്ചാടുന്നു)
പന്നി, മുരണ്ടും തല കുനിച്ചും മുന്നോട്ടിഴയുന്നു)

---

3. തവളയും രാജകുമാരിയും

രംഗം 1.

(രാജകുമാരി ഉദ്യാനത്തിൽ പന്താടി നടക്കുന്നു.
ആ സ്വർണ്ണപ്പന്ത് കുളത്തിൽ വീഴുകയാൽ
അവൾ കരയുന്നു)

തവള:- (വെള്ളത്തിൽ തലപൊന്തിച്ച്)
കോമളേ! കരഞ്ഞീടുവാനെന്തു
കാരണം പറഞ്ഞീടുമോ?

കുമാരി:- കരയിൽനിന്നുമെൻ കുളത്തിൽ വീണു
കമനീയകന്ദുകം താണുപോയി

തവള:- സങ്കടം വേണ്ട, ഞാനെടുത്തു
നിൻകരങ്ങളിൽ വച്ചിടാം

ശങ്കിയാതുപകാരമിങ്ങോട്ടും
തങ്കമേ, ചെയ്യുകില്ലയോ?

കുമാരി:- തവസുഖസാധനം സർവവും ഞാൻ
തവളേ! തരുവാൻ മടിയ്ക്കയില്ല
കമനീയഹാരങ്ങൾ കങ്കണങ്ങൾ
കനകകിരീടങ്ങ, ളേതുവേണം?

തവള:- വേണ്ട, വേണ്ടെനിയ്ക്കെന്തിനീവക-
പ്പണ്ടവും ഭൂഷണങ്ങളും
നിന്മടിയിലിരിക്കണം, പോരാ-
നിന്നൊടൊത്തശിച്ചീടണം!

(കുമാരി സമ്മതിക്കുന്നു. തവള മുങ്ങി പന്ത് എടുത്തുകൊടുക്കുന്നു. കുമാരി ചിരിച്ച് തുള്ളിക്കളിച്ച് ഓടുന്നു. തവള കരയ്ക്കുകയറി പിറകെ ചാടുന്നു)

തവള:- (ഉച്ചത്തിൽ)
ഓമനേ, നിന്നൊടൊപ്പമോടുവാൻ
കേമനല്ലഞാൻ, നില്ക്കനീ!

(കുമാരി വകവയ്ക്കാതെ മുന്നോട്ടു ഓടുന്നു.)

കുമാരി:- (ആത്മഗതം)

വികൃതസ്വരൂപമാമിത്തവള
വിരവൊടിന്നെന്തിനു വന്നിടുന്നു?
കുഴിയിൽ കിടക്കേണ്ടൊരീ "ശനിയെ"
കഴിയാ, കളിത്തോഴനാക്കിവെയ്ക്കാൻ

(കുമാരി കൊട്ടാരത്തിൽ പ്രവേശിച്ചു മറയുന്നു)

രംഗം 2.

(പിറേറദിവസം. കുമാരി, മാതാപിതാക്കളൊന്നിച്ച്
കൊട്ടാരത്തിൽ "ഡിന്നറി" നിരിക്കുന്നു.
അണിയറയിൽ നിന്നൊരു വിളി)

തവള:- തങ്കമേ, വാതിൽ നീ തുറന്നെന്നെ
നിൻകരത്തിലെടുക്കുക

(കുമാരി പരിഭ്രമിച്ച് വിവർണ്ണയായി വാതിൽതുറക്കുന്നു
തവള അകത്തു കടക്കുന്നു)

പിതാവ്:- എന്തിനുവന്നുമകളേ!—നിന്നോ
ടെന്തിവൻ യാചിച്ചിടുന്നു?

കുമാരി:- ഉപവനവാപിയിൽവച്ചുകണ്ടോ-
രിവനെൻറപന്തെടുത്തിരിച്ചുവേഗം,
മടിയെന്യേ ഞാനൊത്തശിക്കുവാനും
മടിയിലിരുന്നു രസിക്കുവാനും.

പിതാവ്:- നീക്കുപോക്കില്ലാതെകുഞ്ഞേ!—നിൻെറ
വാക്കു നീ പാലിച്ചിടേണം!
(കുമാരി ദുഃഖിച്ചിരിക്കുന്നു. തവള
മേശമേൽ ചാടിക്കയറുന്നു)

തവള:- നീമടിയ്ക്കോലാ; വാക്കുതന്നുനീ
നാമൊരുമിച്ചിരിക്കുവാൻ
മാത്രയും കളയാതെ മുന്നിൽ നീ
പാത്രമൊക്കെ നിരത്തണം

പിതാവ്:- നീക്കുപോക്കില്ലാതെ കുഞ്ഞേ!—നിൻെറ
വാക്കുനീ പാലിച്ചിടേണം

(കുമാരി കണ്ണുനീരോടെ പാത്രം നീക്കിവയ്ക്കുന്നു.
തവള ഭക്ഷിക്കുന്നു. അവൾ ഭക്ഷിക്കുന്നില്ല)

തവള:- (ഭക്ഷണാനന്തരം)
ആശ്വസിക്കണമോമനേ, യെനി-
യ്ക്കാശു നിന്നങ്ക വേദിയിൽ
ആമയംവേണ്ട; പോയിടാം നമു-
ക്കാമണിയറയ്ക്കിപ്പൊഴേ.

(കുമാരി തവളയെ തൊടാൻ അറയ്ക്കുന്നു;
വിങ്ങിവിങ്ങിക്കരയുന്നു.

പിതാവ്:- നീക്കപോക്കില്ലാതെകുഞ്ഞേ!—നിൻെറ
വാക്കു നീ പാലിച്ചിടേണം
കാരുണ്യംകാണിയ്ക്കവേണ—മുപ
കാരികളായുള്ളവരിൽ

(കുമാരി, തവളയെ എടുത്തുകൊണ്ടു പോകുന്നു)

രംഗം 3

(മനോഹരമായ മണിയറ. കുമാരിയുടെ മടിയിൽ
തവള ചാടിക്കയറുന്നു. അവൾകോപത്തോടെ തവളയെ
തട്ടിയെറിയുന്നു. അതു് കോമളനായ ഒരു
രാജകുമാരനായി രൂപം കൊള്ളുന്നു.
കുമാരി പരിഭ്രമിക്കുകയും സന്തോഷിക്കയും ചെയ്യുന്നു.

രാജകുമാരൻ:- (സ്നേഹത്തോടെ കുമാരിയെ നോക്കി
കൊണ്ടു്)
പണ്ടൊരു യക്ഷിയെന്നെമോഷ്ടിച്ചു
കൊണ്ടുമണ്ഡൂകമാക്കിനാൾ!
സുന്ദരിമണിയാമൊരു രാജ-
കന്യകതൊട്ടുവോളവും
ക്ഷുദ്രമണ്ഡൂകമായ്കിടക്കെന്നു
യക്ഷി, ശാപമിട്ടീടിനാൾ

തങ്കമേ, തവ കൈകളാലിന്നു
പങ്കമററുഞാൻ ഭൂപനായ്!

കുമാരി:- (സങ്കോചത്തോടും എന്നാൽ കൗതുകത്തോടും നോക്കുന്നു)

പരമവിടേയ്ക്കു ഞാൻ തെററുചെയ്തു
പരിഭവം തോന്നരുതൊന്നുകൊണ്ടും
പരിചയമില്ലായ്മപോക്കിയങ്ങേ-
പ്പരിചരിച്ചിന്നിഞാൻ വാണു കൊള്ളാം.

കുമാരൻ:- ചെല്ലമേ, ഭീതിവേണ്ട; മാമക-
വല്ലഭയാണു മേലിൽ നീ!
ഉത്തമമിതു, താതമാതാക്കൾ-
ക്കത്രെ സമ്മതമായിട്ടും!

(കുമാരനും കുമാരിയും കൈകോർത്തു പിടിക്കുന്നു.
മാതാപിതാക്കൾ പ്രവേശിക്കുന്നു)

പിതാവ്:- ഓമനമാർനിങ്ങളൊത്തു—നിക്കെ
കോൾമയിർകൊള്ളുന്നു ഞങ്ങൾ!
യോജിച്ചദമ്പതിമാരേ!—നിങ്ങൾ
രാജിക്കുമാറാക നീണാൾ
മംഗളം മംഗളമെന്നും—സർവ
മംഗളം നിങ്ങളിൽ മിന്നും!!

(മാതാപിതാക്കന്മാർ കൈനീട്ടി അനുഗ്രഹിക്കുന്നു.
കുമാരീകുമാരന്മാർ ആനന്ദമടയുന്നു)

൝. കോഴിയും കുറുക്കനും

(പൂവൻകോഴി മരക്കൊമ്പിൽനിന്ന് "കൊക്കക്കോ"
എന്നു കൂവുന്നു. കുറുക്കൻ ശബ്ദം കേട്ടു
തിരിഞ്ഞു നോക്കുന്നു)

കുറുക്കൻ- (ആത്മഗതം)

തക്കമില്ലെത്രവെടിപ്പാകുമെൻപ്രാതലിന്നീ-
കുക്കുടമെനിക്കയ്യോ, ലഭിക്കുമെങ്കിൽ
അത്രമേലുയരത്തിൽ മാമരക്കൊമ്പിലാണീ-
പ്പത്രിചെന്നിരിക്കുന്നതട്ടക്കവെയ്യേ!
മാത്രയും കളയാതെ കോഴിയേവീഴിക്കേണം;
സൂത്രമൊന്നുടനടി തൊട്ടുനോക്കാം.

(പ്രകാശം)

ചങ്ങാതീ,സൗഖ്യമല്ലേ?...നീയറിഞ്ഞില്ലേ,മോദ-
സംഗതിയൊന്നു നാട്ടിൽ നടന്നകാര്യം

കോഴി- (ഉൽക്കണ്ഠയോടെ)

എന്താണുകാര്യം; നാട്ടിലെന്തുണ്ടായ്;
ചൊല്ലുവേഗം
ഹന്ത! ഞാനറിയാഞ്ഞതത്ഭുതമായോ?

കുറുക്കൻ- (ഉത്സാഹത്തോടെ)

പക്ഷികൾ,മൃഗങ്ങളുമൊത്തുചേൎന്നിനി'യേക
കക്ഷി' യെന്നുടമ്പടി നടപ്പിലായി.

കോഴി- എങ്ങിനെ,"യെവിടെവെ, ച്ചേതെല്ലാം
വ്യവസ്ഥയിൽ
നിങ്ങളീയുടമ്പടി നടപ്പിലാക്കി?......

കുറുക്കൻ— (ചുമച്ചു കണ്ഠം തെളിച്ചുകൊണ്ടു്)
വിസ്തരിച്ചുരചെയ്യാം; പക്ഷികൾ മൃഗങ്ങളും
സ്വസ്ഥമായൊരിടത്തു നിരന്നുകൂടി
തങ്ങളിൽ പിണങ്ങാതെമോദമായ് പരസ്പരം
മംഗളം പുലത്തുവാനുറപ്പുനൽകി
കോഴിയെപ്പിടിയ്ക്കില്ല ജംബുകൻ,മേലിൽപെരു-
ച്ചാഴിയെപ്പോലും പൂച്ച പിടിക്കയില്ല
ആടിനെ, കുറുക്കനെ, ചെന്നായും തൊടുകില്ല
മാടിനോടുപദ്രവം പുലിക്കുമില്ല.
സമ്മതമായി കാര്യം താഴെ നീ വരുവേഗം
നമ്മൾക്കു തമ്മിൽ തമ്മിൽ കുശലമോതാം!

(പൂവൻകോഴി, മൗനമായി ആരെയോ നോക്കുന്നമട്ടിൽ
ദൂരത്തേയ്ക്കു കഴുത്തു നീട്ടുന്നു)

കുറുക്കൻ— ചങ്ങാതീ, മൗനമായ് ദൂരേയ്ക്കു നോക്കിടുന്ന-
സ്വാഗതിയെന്താണെന്നു പറയൂവേഗം।

കോഴി— മറെറാന്നുമല്ല; നമ്മോടീവിവരങ്ങളോതാൻ
പട്ടിയൊന്നിതാ പാഞ്ഞുവരുന്നു ദൂരെ.

കുറുക്കൻ— (പരിഭ്രമിച്ചുകൊണ്ടു്)
പന്തിയല്ലിവിടെഞാൻനില്ക്കുവതൊന്നുകൊണ്ടും
ഹന്ത, ഞാനൊരിടത്തു പതുങ്ങിയേക്കാം.

കോഴി— (ചിരിച്ചുംകൊണ്ടു്)
എത്രയും വിചിത്രമീവാർത്തകൾ; നമ്മളെല്ലാം
മിത്രമായുടമ്പട്ടി നടത്തിയില്ലേ?

കുറുക്കൻ— പട്ടികളൊന്നുമിന്നു യോഗത്തിനെത്തിയില്ല
കഷ്ടമിക്കാര്യമവരറിഞ്ഞിട്ടില്ല.

(കുറുക്കൻ പ്രാണവേദനയോടെ ഓടി ഒളിക്കുന്നു.)

൭. മനോരാജ്യം.

എല്ലാമരങ്ങളുമൊന്നായിരിക്കുകി-
ലെത്രമേൽഗംഭീരമായിടാമാമരം?
എല്ലാമഴക്കളുമൊന്നായിരിക്കുകി-
ലെത്രമേൽഗംഭീരമായിടാമാമഴ!
എല്ലാപ്പുരുഷരുമൊന്നായിരിക്കുകി-
ലെന്തൊരുഗംഭീരനാണവൻമാനവൻ!
എല്ലാസമുദ്രവുമൊന്നായിരിക്കുകി-
ലെത്രമേൽഗംഭീരമാകുമാവാരിധി?
ഗംഭീരമാനുഷൻ ഗംഭീരമാംമഴ
വമ്പോടെടുത്തുകടയ്ക്കൊന്നുവെട്ടിയാൽ
ഗംഭീരമാംമരം ചുററിത്തിരിഞ്ഞുട-
നംബോധിയിങ്കൽപ്പതിച്ചിടുമപ്പൊഴേ.
ഗംഭീരമായുടനങ്ങുദിക്കുന്നഭ്ര-
കമ്പോപമധ്വനിയൂഹിച്ചിടാവതോ?
ഹർഷമാന്നുതൻ മാവിൻചുവട്ടിലായ്
കർഷകനിരുന്നീവിധം ചിന്തിച്ചു.
"ചിത്രമെൻ മഹാവൃക്ഷമേനിന്റെകാ-
യിത്രയും ചെറുതാകുന്നതെന്തയേ?
പോരപോരവമത്തങ്ങയോളമായ്-
ത്തീരണമതിന്നാശിച്ചിടുന്നുഞാൻ"
തൽക്ഷണമൊരുമാമ്പഴംകർഷക-
മൂർദ്ധനിവീണു നോവിച്ചിതാദ്യമായ്-
"ആവൂ" കർഷകൻ ഞെട്ടിക്കരഞ്ഞുപോയ
നോവുകൊണ്ടുവിവശനായോതിനാൻ
ഭാഗ്യമീ, മാങ്ങാമത്തങ്ങയായെങ്കിൽ
തക്കമോ? തലപൊട്ടിത്തെറിച്ചേനേ!

വ്യ. വീട്ടെലിയും കാട്ടെലിയും

(വീട്ടെലി കാട്ടെലിയെ സന്ദർശിച്ചു രണ്ടുപേരും
വയലിൽ ചുററി നടക്കുന്നു)

കാട്ടെലി:- മാളമേറിത്താമസിക്കാം മേളമോടെ ജ്യേഷ്ഠാ!
ചോളമുണ്ടുവേണ്ടുവോളം ഭക്ഷണത്തി-
ന്നിപ്പോൾ

വീട്ടെലി:- മോശമത്രേ നിൻെറ ഗ്രാമജീവിതക്രമങ്ങൾ
നാശമേശാതെൻെറ വീട്ടിൽതാമസിയ്ക്കാം-
മേലിൽ

കാട്ടെലി:- പട്ടണത്തിലുണ്ടു പല കഷ്ടതകളോത്താൽ
പെട്ടുപോകാം പെട്ടെന്നോരോ ദുഷ്ടതയിൽ
നമ്മൾ

വീട്ടെലി:- സുന്ദരമാംസാധനങ്ങൾ സാരമായ്നിരന്ന
മന്ദിരത്തിലേയ്ക്കുനമുക്കിന്നുതന്നെ പോകാം

(രണ്ടുപേരും പട്ടണത്തിലേയ്ക്കു പോകുന്നു
വിഭവസമൃദ്ധമായ ഭവനം; പലഹാരങ്ങൾനിറഞ്ഞമേശ)

കാട്ടെലി:- ഭാഗ്യമഹാഭാഗ്യപൂർണ്ണം സോദരൻെറ ജന്മം
യോഗ്യതകളീവിധത്തിലാർക്കുമില്ലവേറെ
അപ്പമവൽപാൽപ്പൊടികളപ്പുറംപാനീയ-
മല്പവുമെൻ നാട്ടിലില്ലീയത്ഭുതങ്ങളൊന്നും

വീട്ടെലി:- സത്യമല്ലേ, ഞാൻ പറഞ്ഞതെന്തുനവ്യ-
ഖ്യമാണി
പ്പത്തനവും പട്ടണവും കാഴ്ചകളുമെല്ലാം.

(എലികൾ ഭക്ഷണത്തിനൊരുങ്ങുന്നു. ഒരു മനുഷ്യൻ
മുറിയിൽ പ്രവേശിക്കുന്നു. എലികൾ ചാടിഓടി
കോണിൽ ഒളിക്കുന്നു)

വീട്ടെലി:- പേടിവേണ്ട, പേടിവേണ്ട, ചാടിയോട്ടം-
നമ്മെ
പാടവമീമർത്ത്യനുണ്ടോ? കണ്ടറിഞ്ഞു
കൊവാൻ
(മനുഷ്യൻ ഇറങ്ങിപ്പോകുന്നു)

വീട്ടെലി:- പോയിപാവം; പോയിപാവം; ഹാ, നമുക്ക
ഭക്ഷ്യ-
പേയമിപ്പോളാസ്വാദിച്ചു തൃപ്തികൈക്കൊ-
ണ്ടീടാം.

(എലികൾ ഭക്ഷണമേശയോടടുക്കുന്നു. ഒരു പൂച്ച പ്രവേശിക്കുന്നു. എലികൾ പ്രാണഭയത്തോടെ ഓടുന്നു)

കാട്ടെലി:- വേണ്ട, വേണ്ടെൻകൂട്ടുകാരാ, ഞാൻ ഗമി-
ച്ചുകൊള്ളാം
വേണ്ടെനിയ്ക്കീപ്പട്ടണത്തിൻ വൈഭവങ്ങ-
ളൊന്നും
വന്ദനമുരച്ചിടുന്നു വന്നപോലെൻ ഗ്രാമ-
കന്ദരത്തിലെത്തിമേലിൽ ഞാൻ വസിച്ചു-
കൊള്ളാം.

(എലികൾ രണ്ടുപേരും സലാം പറഞ്ഞു പിരിയുന്നു)

---

൯. വാലുപോയ കുറുക്കൻ

(ഒരു കെണിയിൽ വീണു വാലുപോയ കുറുക്കൻ വ്യസന ത്തോടെ പ്രവേശിക്കുന്നു. അകലെയകലെ മററു കുറുക്ക ന്മാർ അവനെ പരിഹസിച്ചു കൂവുന്നു)

കുറുക്കൻ- (കണ്ണനീർ തുടച്ചുകൊണ്ട്)
തീററതേടിക്കെണിയിലകപ്പെട്ടു
കഷ്ടമെൻ വാലു പാടേ മുറിഞ്ഞുപോയ്!

ക്രൂട്ടകാക്ക്, പരിഹാസപാത്രമായ്
ക്രൂട്ടവിട്ടു ഞാനെത്രനാൾ പോക്കിടും?...
(അല്പം ചിന്തിച്ചിട്ട്) സാരമില്ലൊരു വിദ്യ പ്രയോഗിച്ചു
സാധുവാക്കിടാമെന്നാംഗവൈകൃതം
ബാധകം, വാൽമുറിച്ചിനി ജംബുക-
ജാതികൾ പരിഷ്കാരികളാകണം.
(എല്ലാവരേയും വിളിച്ചുവരുത്തുന്നു.)
എന്തിനീ വാല സൂക്ഷിപ്പു നിങ്ങളെൻ
ബന്ധുവർഗ്ഗമേ നിഷ്ഫലമായിനി?—
വാലടക്കി കുരുക്കിലകപ്പെടാം
മാലതുകൊണ്ടു നിങ്ങൾക്കു വന്നിടാം
നോക്കുവിൻ! വാൽമുറിച്ചു ഞാൻ; നിങ്ങളും
നീക്കുവിൻമുറിച്ചിപ്പൊഴേ വാലുകൾ
ചിലർ:—നന്നിതോക്കുകിൽ നമ്മൾക്കുമീവിധ-
മിന്നുതന്നെ മുറിച്ചിടാം വാലുകൾ
പുഷ്ഷമൊന്നിതു പിന്നിൽകിടപ്പതു
പുച്ഛമായ് സദാ തോന്നുന്നതില്ലയോ?
ഒരു വൃദ്ധനായ കുറുക്കൻ:—
കഷ്ടമേ! ഭവാൻ ചുററിത്തിരിഞ്ഞുക-
പ്പെട്ടൊരാപത്തിലെങ്ങോ മുറിഞ്ഞുവാൽ
ദുഷ്ടനായ നീ, മററുള്ളവർക്കുമീ
നഷ്ടമേല്പിച്ചു തൃപ്തനായ്ത്തീർന്നിട്ടു!
ക്രൂട്ടരെ, നിങ്ങളാരുമീദുഷ്ടന്റെ
പാട്ടിലാകൊലാ വാൽമുറിച്ചീടൊലാ.
എല്ലാവരും:—ഈശ്വരൻനമുക്കേകിയ വാലിനെ
മോശമെന്നോത്തും വിഡ്ഢിയെത്തല്ലണം
(എല്ലാവരും ആർത്തുവിളിച്ച് വാലുപോയ കുറുക്കനെ അടിച്ചോടിക്കുന്നു.)

(ശേഷം കവർ 2-ാംപേജിൽ)

വി. പി. സ്ക്കൂളുകളിലേക്കുള്ള പുസ്തകങ്ങൾ

നാഷണൽ ബുക്കഡിപ്പോ, കോട്ടയം.

വിദ്യാഭ്യാസഡയറക്ടരവർകളുടെ പുതിയ ഉത്തരവനുസരിച്ചുള്ള താഴെക്കാണുന്ന പുസ്തകങ്ങൾ വില്പനയ്ക്കു തയ്യാറുണ്ട്. 4-ാംക്ലാസ്സ് പരിക്ഷ പബ്ളിക്ക് പരീക്ഷയേപ്പോലെ ഉയൎത്തിയിരിക്കുന്ന ഇക്കാലത്തു് കഴിവുള്ള വിദ്യാൎത്ഥികളെല്ലാം പുസ്തകങ്ങൾ വാങ്ങേണ്ടതു് അത്യാവശ്യമാണ്. ഞങ്ങളുടെ പുസ്തകങ്ങളിൽ പുതിയ ജനസംഖ്യകളാണുദ്ധരിച്ചിട്ടുള്ളതു്. വിലയിൽ നാലിലൊന്നു് അഡ്വാൻസയച്ചുതന്നാൽ പുസ്തകങ്ങൾ വി. പി. അയച്ചുതരാം.

നാലാംക്ലാസ്സ്.	വില ച.
തിരു: ചരിത്രകഥകൾ (എം. എൻ. നായർ.)	7
മദ്രാസ് ഭൂവിവരണം (കട്ടിയാട്ട ശിവരാമപ്പണിക്കർ)	7
തിരു: ഭൂവി. (P. P ചാക്കോ B. A, L. T)	7
പൗരധൎമ്മം (സിവിക്സ്)	4
ആരോഗ്യചന്ദ്രിക	5
കഥാഭിനയഗാനമാല (മൂന്നാംഭാഗം)	4
ആദർശകഥകൾ (20 ചെറുകഥകളുള്ള 3-ാംഭാഗം)	4
മൂന്നാംക്ലാസ്സ്.	
തിരു: ചരിത്രപ്രവേശിക	4
തിരു: ഭൂവിവരണം (K. P. മാത്യു M. A. L. L. B)	4
ആരോഗ്യരക്ഷ 4 ച. പൗരധൎമ്മം (സിവിക്സ്)	$3\frac{1}{3}$
കഥാഭിനയഗാനമാല (രണ്ടാംഭാഗം)	4
ആദർശകഥകൾ (16 ചെറുകഥകളുള്ള 2-ാംഭാഗം)	$3\frac{1}{2}$
രണ്ടാം ക്ലാസ്സ്.	
പ്രാരംഭഭൂവിവരണം 4 ച. പ്രകൃതിപാഠം	3
പൗരധൎമ്മം (സിവിക്സ്) 3 ച. ആരോഗ്യരക്ഷ	3
കഥാഭിനയഗാനമാല (1-ാംഭാഗം)	3
ആദർശകഥകൾ (12 ചെറുകഥകളുള്ള 1-ാംഭാഗം)	3
സാമാന്യവിജ്ഞാനചന്ദ്രിക 1—4 വരെ ക്ലാസുകളിലേക്ക് (ജനറൽ നോളജിന്)	5
കിൻറർഗാട്ടൻ 1 മുതൽ 4 വരെ ക്ലാസുകളിലേക്കു അദ്ധ്യാപകന്മാൎക്കുള്ളതു്, കമ്മീഷൻ 10) രൂ.	1